**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4433** **06-03-2023 - ൽ മറുപടിയ്ക്ക്**

**കുണ്ടറയിലെ കശുവണ്ടി ഫാക്ടറികളും തൊഴിൽ ദിനങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പി സി വിഷ്ണുനാഥ്** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ സ്വകാര്യ മേഖലയിലും പൊതു മേഖലയിലുമായി എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിച്ചിരുന്നുവെന്ന് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ തരം തിരിച്ച് നൽകാമോ; | (എ) | കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 2016 മുതൽ 2023 വരെയുള്ള വർഷങ്ങളിൽ സ്വകാര്യ മേഖലയിലും പൊതു മേഖലയിലുമായി പ്രവർത്തിച്ചിരുന്ന കശുവണ്ടി ഫാക്ടറികളുടെ സാമ്പത്തിക വർഷാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനങ്ങളിൽ 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എത്ര തൊഴിൽ ദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് തരം തിരിച്ച് വിശദമാക്കാമോ? | (ബി) | 2021-22 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 603 (ശരാശരി 101) തൊഴിൽദിനങ്ങളും 70 സ്വകാര്യ മേഖലാ ഫാക്ടറികളിലായി ആകെ 12737 (ശരാശരി 182) തൊഴിൽ ദിനങ്ങളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ 6 പൊതുമേഖലാ ഫാക്ടറികളിലായി ആകെ 417 (ശരാശരി 70) തൊഴിൽ ദിനങ്ങളും 57 സ്വകാര്യ ഫാക്ടറികളിലായി ആകെ 9446 (ശരാശരി 166) തൊഴിൽ ദിനങ്ങളും തൊഴിലാളികൾക്ക് നൽകിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| വർഷം | പൊതുമേഖലാ ഫാക്ടറികളുടെ എണ്ണം | സ്വകാര്യ മേഖലാ ഫാക്ടറികളുടെ എണ്ണം | ആകെ ഫാക്ടറികളുടെ എണ്ണം |
|---|---|---|---|
| 2016-17 | 6 | 74 | 80 |
| 2017-18 | 6 | 78 | 84 |
| 2018-19 | 6 | 68 | 74 |
| 2019-20 | 6 | 79 | 85 |
| 2020-21 | 6 | 75 | 81 |
| 2021-22 | 6 | 70 | 76 |
| 2022-23 | 6 | 57 | 63 |